**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് – ഇടുക്കി ജില്ലയിൽ മന്നാംകണ്ടം വില്ലേജിലെ ബ്ലോക്ക് നമ്പർ 5, സർവ്വേ നമ്പർ 503/1, 503/3 ൽ പെട്ടതും, അടിമാലി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതുമായ ഒരേക്കർ അൻപത് സെന്റ് സ്ഥലം പുതിയതായി ആരംഭിക്കുന്ന കുട്ടികൾക്കും വനിതകൾക്കുമുള്ള ജില്ലാ ആശുപത്രിയുടെ നിർമ്മാണത്തിനായി ആരോഗ്യ വകുപ്പിനു കൈമാറുന്നതിന് ഗ്രാമപഞ്ചായത്തിന് അനുമതി നൽകൽ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്**

സ.ഉ.(സാധാ)നം. 3056/2016/തസ്വഭവ തീയതി, തിരുവനന്തപുരം, 09/11/2016.

പരാമർശം: -1. അടിമാലി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 04.07.2014 ലെ VI(3)- ാം നമ്പർ തീരുമാനം.

2.അടിമാലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 05.07.2014 ലെ പി - 2806/13 നമ്പർ കത്ത്.

3.പഞ്ചായത്ത് ഡയറക്ടറുടെ 09.09.2016 ലെ സി2 - 24002/16 നമ്പർ കത്ത്.

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ അടിമാലി ഗ്രാമപഞ്ചായത്ത്, മച്ചിപ്ലാവ് കരയിൽ മന്നാംകണ്ടം വില്ലേജിലെ ബ്ലോക്ക് നമ്പർ 5, സർവ്വേ നമ്പർ 503/1, 503/3 ൽ പെട്ടതും പഞ്ചായത്തിന്റെ ഉടമസ്ഥതയിലും കൈവശത്തിലും ഉള്ളതുമായ ഒരേക്കർ അൻപത് സെന്റ് സ്ഥലം പുതിയതായി ആരംഭിക്കുന്ന കുട്ടികൾക്കും വനിതകൾക്കുമുള്ള ജില്ലാ ആശുപത്രിക്കു വിട്ടുനൽകുന്നതിന് പരാമർശം (1) പ്രകാരം അടിമാലി ഗ്രാമപഞ്ചായത്ത് തീരുമാനമെടുത്ത്, ടി സ്ഥലം ആരോഗ്യ വകുപ്പിനു കൈമാറുന്നതിന് സർക്കാർ അനുമതി നൽകണമെന്ന് അടിമാലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം (2) പ്രകാരം അപേക്ഷിച്ചിരുന്നു.

പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. ഇടുക്കി ജില്ലയിലെ അടിമാലി ഗ്രാമപഞ്ചായത്ത്, മച്ചിപ്ലാവ് കരയിൽ മന്നാംകണ്ടം വില്ലേജിലെ ബ്ലോക്ക് നമ്പർ 5, സർവ്വേ നമ്പർ 503/1, 503/3 ൽ പെട്ടതും പഞ്ചായത്തിന്റെ ഉടമസ്ഥതയിലും കൈവശത്തിലും ഉള്ളതുമായ ഒരേക്കർ അൻപത് സെന്റ് സ്ഥലം പുതിയതായി ആരംഭിക്കുന്ന കുട്ടികൾക്കും വനിതകൾക്കുമുള്ള ജില്ലാ ആശുപത്രിയുടെ നിർമ്മാണത്തിനായി ആരോഗ്യ വകുപ്പിനു കൈമാറുന്നതിന് 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ, ചട്ടം 3(1) പ്രകാരം അടിമാലി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എൻ വിശ്രുതൻ ആചാരി
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പ്രസിഡന്റ്, അടിമാലി ഗ്രാമപഞ്ചായത്ത്, ഇടുക്കി
സെക്രട്ടറി, അടിമാലി ഗ്രാമപഞ്ചായത്ത്, ഇടുക്കി
അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എൽ.ബി.എ./എ & ഇ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള ഇൻഫർമേഷൻ മിഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ